# അങ്ങാടിപത്രം

**നമ്മുടെ നാടിന്റെ വാർത്താജാലകം**

Volume: 2, Issue: 09

മെയ് 17 ചൊവ്വ 2022

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


## ഡോൺ ബോസ്കോ കോളേജിന് നാക് അക്രഡിറ്റേഷൻ

**അനഘ കെ ടി**

കണ്ണൂർ സർവ്വകലാശാലയിൽ നാക് അക്രഡിറ്റേഷൻ നേടുന്ന ആദ്യ സ്വാശ്രയ കോളേജായി അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആർട്സ് ആന്റ് സയൻസ് കോളേജ്. നാഷണൽ അസെസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC) കോളേജിന് ബി പ്ലസ് പ്ലസ് ( B++) ഗ്രേഡ് നൽകി അംഗീകരിച്ചു. നാലിൽ 2.85 സ്കോർ നേടിയാണ് കോളേജ് ഈ നേട്ടം കൈവരിച്ചത്. 2015-2020 കാലയളവിൽ നൽകേണ്ട അസെസ്മെന്റ് കോവിഡ് മൂലം സാധ്യമാവാത്തതിനെ തുടർന്ന് 2021 ൽ ഓൺലൈനായി സമർപ്പിക്കുകയും 2022 ൽ നാക് പിയർ ടീം കോളേജ് സന്ദർശനം നടത്തുകയും ചെയ്തു.

കേന്ദ്ര സർക്കാർ ഏജൻസിയായ നാക് മുഖാന്തരമാണ് ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിലയിരുത്തുകയും അംഗീകാരം നല്കുകയും ചെയ്യുന്നത്. നാക് അക്രഡിറ്റേഷൻ ലഭിച്ച കോളേജുകൾ വിദ്യാർത്ഥികൾക്ക് ഗുണ നിലവാരമുള്ള വിദ്യാഭ്യാസം നല്കുന്ന സ്ഥാപനങ്ങളായി അംഗീകരിക്കപ്പെടുന്നു.



*നാക് വിദഗ്ധ സംഘ സന്ദർശനത്തിന്റെ സമാപന യോഗത്തിൽ ചെയർപേഴ്സൺ ഭോപാൽ സാഞ്ചി സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. നീർജ ഗുപ്ത, പ്രിൻസിപ്പാൾ ഫാ.ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ടിന് നാക് അവലോകന റിപ്പോർട്ട് കൈമാറുന്നു*

'കണ്ണൂർ സർവ്വകലാശാലയിലെ മറ്റ് കോളേജുകളെ അപേക്ഷിച്ച് മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ട്. അധ്യാപകരുടെയും അനധ്യാപകരുടെയും മാനേജ്മെന്റിന്റെയും കൂട്ടായ പരിശ്രമത്തിന്റെ ഫലമായി ആദ്യ ശ്രമത്തിൽ തന്നെ ബി പ്ലസ് പ്ലസ് ഗ്രേഡ് ലഭിച്ചു. അഞ്ചുവർഷത്തിന് ശേഷം നടത്തപ്പെടുന്ന റീ-അക്രഡിറ്റേഷന് മികച്ച ഗ്രേഡ് ലഭിക്കുന്നതിനായി തുടർ പ്രവർത്തനങ്ങൾ സ്ഥാപനത്തിൽ ആരംഭിച്ചിട്ടുണ്ട്'. കോളേജ് നാക് കോർഡിനേറ്റർ ഫാ. ബാസ്റ്റിൻ നെല്ലിശ്ശേരി പറഞ്ഞു.

ഏപ്രിൽ 21, 22 തീയ്യതികളിൽ നാഷണൽ അസ്സെസ്മെന്റ് ആൻഡ് അക്ക്രഡിറ്റേഷൻ കൗൺസിലിന്റെ മൂന്നംഗ വിദഗ്ധ സംഘം കോളേജിലെത്തി പഠനം നടത്തുന്നതോടൊപ്പം ഹോസ്റ്റൽ സന്ദർശനവും നടത്തി. ഭോപ്പാൽ സാഞ്ചി യൂണിവേഴ്സിറ്റി ഓഫ് ബുദ്ധിസ്റ്റ്-ഇൻഡിക് സ്റ്റഡീസ് വൈസ് ചാൻസിലർ പ്രൊഫ.ഡോ നീർജ ഗുപ്ത, ഡൽഹി ദേശ്ബന്ധു കോളേജ് പ്രിൻസിപാൾ പ്രൊഫ. ഡോ. രാജീവ് അഗർവാൾ, അനന്തപൂർ എസ് കെ യൂണിവേഴ്സിറ്റി വിഭാഗം ഡീൻ പ്രൊഫ. ഡോ. വേണുഗോപാൽ റാവു എന്നിവരാണ് സമിതിയിലുണ്ടായിരുന്നത്. മോഹിനിയാട്ടം, കളരിപ്പയറ്റ് തുടങ്ങിയ വിവിധ കലാരൂപങ്ങൾ അണിനിരത്തിക്കൊണ്ടാണ് വിദ്യാർത്ഥികൾ പിയർ ടീമിനെ സ്വാഗതം ചെയ്തത്. കോളേജുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഫലപ്രദമാണെന്നും, ലാബ്, സ്റ്റുഡിയോ, മ്യൂസിയം, ജിം തുടങ്ങിയ മറ്റ് സൗകര്യങ്ങളെയും, പ്രസ്തുത കാലയളവിലുള്ള വിദ്യാർത്ഥികളുടെ അക്കാദമിക്ക് മികവിനെയും അടിസ്ഥാനപ്പെടുത്തിയാണ് പരിശോധന നടത്തിയത്.

## തൊഴിലവസരങ്ങളുമായി 'എന്റെ തൊഴിൽ എന്റെ അഭിമാനം' പദ്ധതി

**ടി ശാനിബ**




കേരളാ നോളജ് എക്കണോമി മിഷൻ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ 'എന്റെ തൊഴിൽ എന്റെ അഭിമാനം' ക്യാമ്പെയിൻ അയ്യൻകുന്ന് പഞ്ചായത്തിൽ ആരംഭിച്ചു. തൊഴിൽരഹിതർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനമാണ് ഈ ക്യാമ്പെയിൻ.

തൊഴിലന്വേഷകരെ കണ്ടെത്തി കഴിവിനും യോഗ്യതയ്ക്കും അനുയോജ്യമായ തൊഴിൽ നേടുവാൻ അവരെ പ്രാപ്തരാക്കുന്നതിനായി കേരളാ ഡവലപ്പ്മെന്റ് ആൻഡ് ഇന്നോവേഷൻ സ്ട്രാറ്റജി കൗൺസിൽ മുഖേനയാണ് സർക്കാർ ഈ പദ്ധതി നടപ്പിലാക്കുന്നത്. അഞ്ചു വർഷം 20 ലക്ഷം തൊഴിൽ എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തോടനുബന്ധിച്ച് ഒരു ലക്ഷത്തിലധികം കുടുംബശ്രീ എ ഡി എസ് എന്യൂമറേറ്റർമാരിലൂടെ മെയ് 8 ന് സർവേ ആരംഭിച്ചു.

'2026 നകം 20 ലക്ഷം പേർക്ക് തൊഴിലവസരങ്ങൾ നൽകുകയെന്നതാണ് സർക്കാർ ആവിഷ്കരിച്ച 'എന്റെ തൊഴിൽ എന്റെ അഭിമാനം' പദ്ധതി ലക്ഷ്യമിടുന്നത്. ഒരു സർക്കാർ ജോലി എന്നതിനപ്പുറം കഴിവും അഭിരുചിയും ഉപയോഗപ്പെടുത്തി അനുയോജ്യമായ തൊഴിൽ കണ്ടെത്താനും, സന്തോഷപൂർവം തൊഴിൽ ചെയ്യാനും ഇതിലൂടെ സാധ്യമാകും'. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പിള്ളിക്കുന്നേൽ പറഞ്ഞു.

ക്യാമ്പെയിനിന്റെ ഭാഗമായി കേരളത്തിലെ മുഴുവൻ വീടുകളും നേരിട്ട് സന്ദർശിച്ച് മിഷന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും ബോധ്യപ്പെടുത്തുകയും 18 നും 59 വയസ്സിനും ഇടയിൽ പ്രായമുള്ള തൊഴിലന്വേഷകരുടെ വിവരങ്ങൾ തൊഴിൽ രഹിത സർവ്വേയിലൂടെ ശേഖരിക്കുകയും ചെയ്യും. ജാലകം എന്ന പേരിൽ തയ്യാറാക്കിയ മൊബൈൽ ആപ്പ് വഴിയാണ് കുടുംബശ്രീ എന്യൂമറേറ്റർമാർ വിവരശേഖരണം നടത്തുന്നത്.

'പഞ്ചായത്ത് മേൽനോട്ടം വഹിക്കുന്ന തൊഴിൽ സർവേ കുടുംബശ്രീ വഴിയാണ് നടപ്പിലാക്കുന്നത്. ഒരു വാർഡിൽ നിന്നും +2 യോഗ്യതയും 45 വയസ്സിന് താഴെയുമുള്ള അഞ്ച് എന്യൂമറേറ്റർമാരെ വീതം തിരഞ്ഞെടുത്ത് ജാലകം ആപ്പിന്റെ പ്രവർത്തനവും സർവേ പരിശീലനവും നൽകിയാണ് വിവരം ശേഖരിക്കുന്നത്.' സി ഡി എസ് ചെയർപേഴ്സൺ മിനി സതീശൻ പറഞ്ഞു.

വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽരഹിതർ, കോവിഡ് പ്രതിസന്ധിയിൽ ജോലി നഷ്ടപ്പെട്ടവർ, ജോലിയിൽ നിന്നും ഇടവേളയെടുക്കേണ്ടി വന്ന സ്ത്രീകൾ തുടങ്ങിയവർക്ക് മികച്ച അവസരങ്ങൾ ലഭ്യമാക്കുന്നതിനും കേരളത്തിൽ വൈജ്ഞാനിക സമ്പത്ത് വ്യവസ്ഥ കൊണ്ടുവരുന്നതിനുമാണ് പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.


**വാർത്തകൾക്കും പരസ്യങ്ങൾക്കും വിളിക്കൂ... 9496698531**


## സമ്മർ ഹോക്കി കോച്ചിംഗ് ക്യാമ്പ് തുടങ്ങി

**ആര്യ പ്രസന്നകുമാർ**

കരിക്കോട്ടക്കരി : യുണൈറ്റഡ് തലശ്ശേരി സ്പോർട്സ് ക്ലബ്ബും കരിക്കോട്ടക്കരി സെന്റ് തോമസ് ഹൈസ്കൂളും സംയുക്തമായി സമ്മർ ഹോക്കി കോച്ചിംഗ് ക്യാമ്പ് കരിക്കോട്ടക്കരി സെന്റ് തോമസ് ഹൈസ്കൂളിൽ ആരംഭിച്ചു. മലയോര മേഖലയിൽ നിന്നും കായികതാരങ്ങളെ വളർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ക്യാമ്പ് മെയ് 9 ന് പേരാവൂർ എം എൽ എ അഡ്വ: സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു.

അഞ്ചാംക്ലാസിനും എട്ടാം ക്ലാസിനും ഇടയിലുള്ള 75 വിദ്യാർത്ഥികൾക്ക് രാവിലെ 6.30 മുതൽ 9.30 വരെയും വൈകുരേം 3 മുതൽ 5.30 വരെയും രണ്ട് ഘട്ടങ്ങളായാണ് പരിശീലനം നൽകുന്നത്.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് പരിശീലകൻ ബാലസുബ്രമണ്യത്തിന്റെയും റിട്ട: ഫിസിക്കൽ ട്രൈനർ കെ.ജെ ജോസണിന്റേയും നേതൃത്വത്തിലുള്ള പരിശീലന ക്യാമ്പിൽ വിദ്യാർത്ഥികൾക്ക് നല്ല പരിശീലനം നൽകാൻ സാധിക്കുന്നുണ്ട് . '25 വരെയുണ്ടായിരുന്ന സമ്മർ ഹോക്കി കോച്ചിംഗ് ക്യാമ്പ് മഴ വന്നതു കാരണം 28 വരെയാക്കി. കരിക്കോട്ടക്കരി സെന്റ് തോമസ് ഹൈസ്കൂൾ അധ്യാപകൻ എം എം വർഗീസ് പറഞ്ഞു.



*നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് പരിശീലകൻ ബാലസുബ്രമണ്യം കുട്ടികൾക്ക് പരിശീലനം നൽകുന്നു*

## ആട് വിതരണം നടത്തി

**എലിസബത്ത് റ്റി സാബു**



*ഭിന്നശേഷിക്കാരായ കുട്ടികളുള്ള കുടുംബത്തിലെ അമ്മമാർക്ക് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ആട് വിതരണം നടത്തുന്നു.*

അയ്യൻകുന്ന് പഞ്ചായത്തിൽ കുടുംബശ്രീ ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ സിഡിഎസ് പ്രവർത്തകർ ആട് വിതരണം നടത്തി. ഭിന്നശേഷിക്കാരായ കുട്ടികളുള്ള കുടുംബത്തിലെ അമ്മമാർക്ക് വരുമാനമാർഗ്ഗം എന്ന ഉദ്ധേശത്തോടെ നടത്തുന്ന പദ്ധതിയുടെ വിതരണോദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ നിർവഹിച്ചു

കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്തവരിൽ നിന്നും ഈ ആനുകൂല്യത്തിന് അർഹരായവരെ മൂന്ന് മാസം മുൻമ്പ് സർവേ നടത്തിയാണ് തിരഞ്ഞെടുത്തത്. സർവേയുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ ജില്ലാ മിഷന് റിപ്പോർട്ട് സമർപ്പിക്കുകയും കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസ്സൈറ്റിക്ക് ( സിഡിഎസ് ) ഫണ്ട് അനുവദിക്കുകയും ചെയ്തു.

'ഒരു വ്യക്തിക്ക് 10000 രൂപ വീതം ആകെ 50000 രൂപയാണ് അനുവദിച്ചത്. ഈ തുക ഉപയോഗിച്ച് നാല് കുടുംബങ്ങൾക്ക് ആടുകളെയും ഒരു കുടുംബത്തിന് അവരുടെ സൗകര്യാർത്ഥം കോഴികളേയുമാണ് നൽകിയത്.' അയ്യൻകുന്ന് പഞ്ചായത്ത് സിഡിഎസ് അക്കൗണ്ടന്റ് പി ജി സജന പറഞ്ഞു.

# എഡിറ്റോറിയൽ

## ആവശ്യമല്ല അത്യാവശ്യമാണ് ഭക്ഷ്യസുരക്ഷ

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നാണ് ആരോഗ്യജീവിതം നയിക്കുകയെന്നത്. പഴമക്കാർ പറയുന്നത് പോലെ ആരോഗ്യം സമ്പത്താണ്. ഈ സമ്പത്ത് നേടുന്നതോ ആരോഗ്യകരമായ ഭക്ഷണത്തിലൂടെയും. അതുകൊണ്ടുതന്നെ നമ്മുടെ ആരോഗ്യം നിലനിർത്താൻ കഴിക്കുന്ന ഭക്ഷണവും പരിസരവും ഒരുപോലെ ആരോഗ്യകരമായിരിക്കണം.

ലോകത്ത് ഒരു വിഭാഗം ജനങ്ങൾ ആവശ്യമായ ആഹാരവും പോഷകഗുണവും ലഭിക്കാതെ രോഗത്തിന് കീഴടങ്ങുമ്പോൾ, മറുഭാഗത്ത് പഴകിയ ആഹാരവും വൃത്തിഹീനമായ ആഹാരസാഹചര്യങ്ങളും മൂലം ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന അവസ്ഥയാണ് നിലവിൽ. പട്ടിണിയും ദാരിദ്ര്യവും മനുഷ്യജീവിതത്തിലും സമൂഹത്തിലുമുണ്ടാക്കുന്ന ദാരുണ അവസ്ഥ ഇന്ത്യയിലെ ഭക്ഷ്യസുരക്ഷ സംവിധാനത്തിലുമുണ്ട്. ഒരു സമൂഹത്തിൽ വൃത്തിയുള്ളതും പോഷകഗുണവുമുള്ള ഭക്ഷണം എല്ലാ മനുഷ്യർക്കും ഉറപ്പുവരുത്തുകയെന്നതാണ് ഭക്ഷ്യസുരക്ഷ സംവിധാനത്തിലൂടെ നടപ്പിലാക്കാൻ ശ്രമിക്കുന്നത്.

എന്ത് കഴിക്കണം, കഴിക്കുന്നത് എത്രത്തോളം ആരോഗ്യകരമായിരിക്കണമെന്നുള്ളത് മനുഷ്യന്റെ വിവേചന ബുദ്ധിയിലധിഷ്ഠിതമായ കാര്യമാണ്. എന്നാൽ കുറച്ചു നാളുകളായി മാധ്യമങ്ങളിലും ചർച്ചാ വിഷയങ്ങളിലും ഇടം നേടിക്കൊിരിക്കുന്ന ഭക്ഷ്യ സുരക്ഷാ വീഴ്ച്ചയുടെ വാർത്തകൾ പേടിപ്പെടുത്തുന്നവയാണ്. ലാഭംമാത്രം നോക്കി പൂർണമായും പാകം ചെയ്യാത്തതും പഴകിയതുമായ ഭക്ഷണം വിളമ്പുന്നവരും ഏത് വൃത്തിഹീനമായ സാഹചര്യത്തിലും ഇവ കഴിക്കാൻ തയ്യാറാകുന്നവരും ഏറെയാണ്. ഇത്തരം കാര്യങ്ങളിൽ ശ്രദ്ധചെലുത്തേണ്ട അധികാരികളുടെ കെടുകാര്യസ്ഥത അപലപനീയമാണെന്നതിൽ തർക്കമില്ല.

വായ്ക്ക് രുചിയും വയറിന് കേടുമുണ്ടാക്കുന്ന ഇത്തരം ശീലങ്ങൾ ആരോഗ്യമില്ലാത്ത സമൂഹത്തെയാണ് വാർത്തെടുക്കുന്നത്. നൂറ് ശതമാനം വിദ്യാഭ്യാസ സാക്ഷരതയെന്ന് അവകാശപ്പെടുന്ന നമ്മൾ ഇത്തരം ശീലങ്ങളുടെ ഗുണവും ദോഷവും വേർതിരിച്ചറിയുന്നതിൽ വളരെ പിന്നോക്കമാണ്. ഇത് മാറേണ്ടിയിരിക്കുന്നു. അതിനായി ശുദ്ധമായ ആഹാരസാഹചര്യമൊരുക്കുന്നതിൽ അധികാരികളും ഭക്ഷ്യസാക്ഷരത പുലർത്തുന്നതിൽ സമൂഹവും നിതാന്ത ജാഗ്രത പാലിക്കേണ്ടത് ഇന്നിന്റെ ആവശ്യകതയാണ്.

എഡിറ്റർ

# 'അങ്ങാടി വൈദ്യ(ൻ)ം

നയന എം നായർ



വിവിധ നിറങ്ങളിൽ ചെടികൾ പൂത്തുലഞ്ഞ് നിൽക്കുന്ന ആ വീട്ടുമുറ്റത്ത് എപ്പോഴും ആളുകളാണ്. ജെയ്സ് മാഷെ ഇതൊന്ന് പരിഗണിക്കണെ എന്ന് പറഞ്ഞു ശാരീരിക ബുദ്ധിമുട്ടുമായി വരുന്ന നാട്ടുകാർ മുതൽ അദ്ദേഹത്തിന്റെ ചികിത്സാ വൈദഗ്ധ്യം കേട്ട് പുറംനാട്ടിൽ നിന്ന് വരുന്നവർ വരെയുണ്ടാകും ആ കൂട്ടത്തിൽ...

ചെറിയ ഒരു ഗ്രാമത്തിൽ നിന്ന് വളർന്നു വന്ന ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ(എ ഇ ഒ), പാരമ്പര്യവും നാട്ടു വൈദ്യവും ആധുനിക ശാസ്ത്ര വിദ്യയും അവലംബിച്ചുള്ള ചികിത്സാ രീതികൾ പ്രായോഗികമാക്കിയ നാട്ടുവൈദ്യൻ. ചുരുക്കി പറഞ്ഞാൽ അങ്ങാടിക്കടവുകാർക്ക് ഒരേ സമയം അഭിമാനവും ആശ്രയവുമാണ് എം.ടി ജെയ്സ് മാഷ്.

1966 മെയ് മാസം 25 ന് അങ്ങാടിക്കടവിലെ മാമ്പള്ളിക്കുന്നേൽ തോമസ് ഏലിക്കുട്ടി ദമ്പതികളുടെ മകനായി ജനിച്ച ജെയ്സ് 1990 ൽ ആണ് അധ്യാപന ജീവിതം തുടങ്ങുന്നത്. സർക്കാർ സ്കൂളുകളിൽ ജോലി ലഭിക്കുന്നതിന് മുമ്പ് പാരലൽ കോളേജുകളിലും കോർപ്പറേറ്റ് സ്കൂളുകളിലും താത്കാലിക അധ്യാപകനായി ജോലി ചെയ്തു. മൊറാഴ, ഇരിക്കൂർ, ആറളം, മണത്തണ തുടങ്ങി വയനാട് ജില്ലയിലെ വാരാമ്പറ്റ, ഇടുക്കി ജില്ലയിലെ ചെറുതോണി എന്നിങ്ങനെ പലയിടത്തും അധ്യാപകനായും പ്രധാനാധ്യാപകനായും ജോലി ചെയ്തിട്ടുണ്ട്. ഇപ്പോൾ കണ്ണൂർ ജില്ലയിലെ ഇരിട്ടി എ ഇ ഒ ആയി ജോലി ചെയ്തു വരുന്ന ഇദ്ദേഹം 2022 മെയ് 31 ന് ഔദ്യോഗിക പദവിയിൽ നിന്നും വിരമിക്കും.

അങ്ങാടിക്കടവ് ഈന്തുംകരിയിൽ ഭാര്യ ജാൻസിയോടും മക്കളായ നെവിൻ, ജോൽവിൻ, ഡെൽവിൻ എന്നിവരോടുമൊപ്പം താമസിക്കുന്ന ജെയ്സ് മാഷ് വളരുന്ന തലമുറയ്ക്ക് മാർഗദർശിയും തളർന്നു വരുന്ന രോഗികൾക്ക് രക്ഷകനുമാണ്. മെഡിസിനിൽ ബിരുദമൊന്നുമില്ല, പക്ഷെ ഏത് ഒടിവും ചതവും മാഷ് തൊട്ടാൽ ഭേദപ്പെടും. രോഗം എന്താണെന്ന് മനസ്സിലാക്കാൻ അല്ലെങ്കിൽ ഭേദമാവാൻ താമസം നേരിട്ടാൽ വിദഗ്ധ പരിശോധന നടത്താൻ ആവശ്യപ്പെടും.

'ആയുർവേദത്തിനോടുള്ള താത്പര്യമാണ് 15 വർഷങ്ങൾക്ക് മുമ്പ് എന്നെ നാട്ടുവൈദ്യത്തിലേക്ക് എത്തിച്ചത്. ആദ്യ കാലത്ത് സമൂഹത്തിലെ ഉന്നതരെ മാത്രമാണ് ചികിത്സിച്ചിരുന്നത്. ചികിത്സ എല്ലാവർക്കും ഒരുപോലെ അനിവാര്യമാണ് എന്ന തിരിച്ചറിവിൽ നിന്ന് രോഗികളെ തുല്യരായി കണ്ട് ചികിത്സ തുടങ്ങി. പണമില്ലാത്തതിന്റെ പേരിൽ ഒരാൾക്കുപോലും ചികിത്സ നിഷേധിക്കപ്പെടരുത്.' ജെയ്സ് മാഷ് ദൃഢനിശ്ചയത്തോടെ പറയുന്നു.

ജെയ്സ് മാഷിന്റെ വീട്ടിൽ ഒരു പെട്ടി വച്ചിട്ടുണ്ട്. രോഗികൾക്ക് കയ്യിലുള്ള പണം അതിലിടാം. ഉള്ളതുമതി! മാഷ് സന്തുഷ്ടൻ. തിരുമ്മിനും മറ്റും ആവശ്യമായ മരുന്ന് മാഷ് പൈസകൊടുത്തു വാങ്ങേണ്ടി വരുന്നുണ്ടെങ്കിലും സാമ്പത്തികമായി ബുദ്ധിമുട്ടുന്നവരിൽ നിന്നും പണം സ്വീകരിക്കില്ല. സാധാരണക്കാരായ ജനങ്ങൾക്ക് തന്നെ കൊണ്ടാവുന്ന വിധത്തിൽ സഹായം ചെയ്യുന്നതിലാണ് അദ്ദേഹത്തിന്റെ സന്തോഷം.

'എന്നെ വിശ്വസിച്ച് ചികിത്സക്കായി എത്തുന്നവരെ നിരാശപ്പെടുത്താറില്ല. വർഷങ്ങളായി ചികിത്സിച്ചിട്ടും ഫലമൊന്നും കാണാതെ എന്റെയടുത്ത് ചികിത്സ തേടിയവരുടെ രോഗം ഭേദമാകുന്നത് കാണുമ്പോൾ വളരെ സംതൃപ്തിയാണ്. അധ്യാപനവും നാട്ടുവൈദ്യവും നൽകുന്നതു പോലെ സംതൃപ്തി നൽകാത്തവയൊന്നും തുടർന്ന് കൊണ്ടു പോകുന്ന രീതി എനിക്കില്ല. മനസ്സിന്റെ തൃപ്തി ആണല്ലോ മർമ്മ പ്രധാനം'. ജെയ്സ് മാഷ് പറഞ്ഞു നിർത്തി.

# 'കിനാവ് – 2022' നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു

റിം താഹി നാബം



കിനാവ് 2022 പങ്കെടുത്ത വിദ്യാർത്ഥികളും സംഘാടകരും

ഡ്രഗ് റീഹാബിലിറ്റേഷൻ എഡ്യുക്കേഷൻ ആൻഡ് മെന്ററിംഗ് (ഡ്രീം) കണ്ണൂരിന്റെ ആഭിമുഖ്യത്തിൽ അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജിൽ ത്രിദിന നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. 'കിനാവ് 2022' എന്ന പേരിൽ നടന്ന ക്യാമ്പിന്റെ ഉദ്ഘാടനം ജില്ലാ വിമുക്തി മിഷൻ എക്സൈസ് പ്രിവന്റീവ് ഓഫീസർ വി. വി. ഷാജി നിർവഹിച്ചു.

'ഇതുവരെ ലഹരിയുപയോഗിക്കാത്ത ആളുകളെ അതിന്റെ ഗുരുതര ഫലങ്ങൾ ബോധ്യപ്പെടുത്തി ലഹരിവസ്തുക്കളിലേക്ക് ഒരിക്കലും ആകർഷിക്കപ്പെടാത്ത തരത്തിലേക്ക് വളർത്തിയെടുക്കുകയെന്നതാണ് വിമുക്തി മിഷന്റെ പ്രധാന ലക്ഷ്യം. ബോധവത്കരണത്തിന് ഇതിൽ മതിയായ പങ്കുണ്ട്. അതുകൊണ്ടുതന്നെ ഓരോ സ്കൂളുകളിൽ നിന്നുമുള്ള വിമുക്തി ക്ലബ്ബിന്റെ ലീഡർമാരെ ലഹരിയുടെ ദൂഷ്യഫലങ്ങൾ ബോധ്യപ്പെടുത്തി കൊടുക്കുന്ന ഇത്തരം ക്യാമ്പുകൾ ഉപകാരപ്രദമാണ്. ലഹരിവിമുക്ത വിദ്യാർത്ഥികളെ വാർത്തെടുക്കുന്നതിനായി രൂപീകരിച്ച ഡ്രീമിന്റെ കിനാവ് ക്യാമ്പ് ലക്ഷ്യത്തിലെത്തിച്ചേരാൻ എക്സൈസ് വകുപ്പിന് കീഴിലുള്ള വിമുക്തി മിഷന്റെ പിന്തുണയുണ്ടാവും' എക്സൈസ് പ്രിവന്റീവ് ഓഫീസർ വി. വി. ഷാജി പറഞ്ഞു.

'നേതൃത്വ പരിശീലനത്തോടൊപ്പം, സ്വന്തം സ്ഥാപനങ്ങളിൽ തന്നെ ആസക്തികളെ കുറിച്ച് അവബോധം സൃഷ്ടിക്കുതിനുള്ള വക്താക്കളാകാൻ വിദ്യാർത്ഥികളെ വളർത്തിയെടുക്കുവാൻ കിനാവ് 2022 ശ്രദ്ധിക്കുന്നു. ക്ലാസുകളിലൂടെയും ഗെയിമുകളിലൂടെയുമാണിത് സാധ്യമാക്കുന്നത്.' സംഘാടക സമിതി അംഗം ശാലു സണ്ണി പറഞ്ഞു.

ഇരിട്ടി ബ്ലോക്ക് വിമുക്തി കോർഡിനേറ്റർ പി കെ സജേഷ്, അയ്യൻകുന്ന് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലിസ്സി തോമസ്, ഡ്രീം ഡയറക്ടർ ഫാ. സോജൻ പനഞ്ചിക്കൽ, കോളേജ് മാനേജർ ഫാ. ബാസ്റ്റിൻ നെല്ലിശ്ശേരി, ഡ്രീം കോർഡിനേറ്റർ ഷിജോ ജോസഫ് എന്നിവർ സംസാരിച്ചു.

സ്കൂളുകളിലും കോളേജുകളിലും മയക്കുമരുന്നുകൾക്കും മറ്റു ആസക്തികൾക്കുമെതിരെ ബോധവൽക്കരണ സെഷനുകൾ നടത്തുതിനും ആവശ്യമുള്ളവർക്ക് കൗസിലിംഗ് നൽകുതിനും പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു വിദ്യാർത്ഥി ശാക്തീകരണ സംഘടനയാണ് ഡ്രഗ് റീഹാബിലിറ്റേഷൻ എജ്യുക്കേഷൻ & മെന്ററിംഗ്. സലേഷ്യൻ വൈദീകർ നടത്തുന്ന ദിശയുടെ (ഡോൺ ബോസ്കോ ഇനിഷ്യേറ്റീവ്സ് ഫോർ സോഷ്യൽ ആക്ഷൻ) നിരവധി പദ്ധതികളിൽ ഒന്നാണിത്.

# ദേവാലയ വെഞ്ചരിപ്പും ആദ്യകുർബാന സ്വീകരണവും

സെബിമോൾ കെ വർഗീസ്





*പുനർനിർമാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന വാണിയപ്പാറ ഉണ്ണിമിശിഹാ ദേവാലയം*

വാണിയപ്പാറ: നവീകരിച്ച വാണിയപ്പാറ ഉണ്ണിമിശിഹാ ദേവാലയത്തിന്റെ വെഞ്ചിരിപ്പ് മെയ് 31 ചൊവാഴ്ച്ച നടത്തും. തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി വെഞ്ചരിപ്പു കർമ്മവും കുട്ടികളുടെ ആദ്യ കുർബാന സ്വീകരണവും നിർവഹിക്കും.

2003 ൽ പണിത പള്ളിയുടെ മുഖവാരം കാലപ്പഴക്കം കൊണ്ടു ചേർന്നൊലിച്ചിരുന്നു. ഇതേ തുടർന്ന് പുതിയ ഷീറ്റ് ഇടുകയും ഏപ്രിലോടുകൂടി അൾത്താര പുതുക്കി പണിയുകയും ചെയ്തു. എന്നാൽ കഴിഞ്ഞ ഏപ്രിൽ 27 ന് വെഞ്ചിരിപ്പ് നടത്തുന്നതിനു തൊട്ടു മുമ്പ് ഉണ്ടായ ഷോർട്ട് സർക്ക്യൂട്ട് മൂലം പള്ളിയുടെ സീലിംങ് കത്തി നശിച്ചിരുന്നു. ലക്ഷങ്ങളുടെ നഷ്ടത്തിനു കാരണമായെങ്കിലും നാട്ടുകാരുടെ സമയോചിത ഇടപെടൽ വലിയ അപകടം ഒഴിവാക്കി. സീലിംങ് കത്തി നശിച്ചതിനെ തുടർന്ന് പള്ളിയുടെ വെഞ്ചിരിപ്പ് മറ്റൊരു ദിവസത്തേക്ക് മാറ്റി വെയ്ക്കുകയായിരുന്നു.

'പ്രതീക്ഷിക്കാത്ത ഒരു ദുരിതം ഉണ്ടായിരുന്നിട്ടുകൂടി പതറാതെ നിന്ന പ്രദേശവാസികളുടെ കൂട്ടായ്മയുടെയും സഹകരണത്തിന്റെയും ഭാഗമായിട്ടാണ് ഈ ദേവാലയം വീണ്ടും മനോഹരമായി നവീകരിക്കാൻ സാധിച്ചത്'. വാണിയപ്പാറ ഇടവക വികാരി തോമസ് അട്ടേങ്ങാട്ടിൽ പറഞ്ഞു.




For private circulation only

എഡിറ്റോറിയൽ ടീം – ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ : അനിൽ തോമസ് നല്ലൂർ. | എഡിറ്റർ ഇൻ ചാർജ്: അനഘ കെ ടി | സബ് എഡിറ്റേഴ്സ്: എലിസബത്ത് റ്റി സാബു, നയന എം നായർ, ആര്യ പ്രസന്നകുമാർ, ശാനിബ ടി, സെബിമോൾ കെ വർഗീസ്, ജോജോ കെ ജെ, റിം താഹി നാബം | ഫോട്ടോഗ്രഫേഴ്സ്: റിം താഹി നബം | ഡിസൈൻ: അനഘ കെ ടി